'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ഉമ്പമൺ ഗ്രാമപഞ്ചായത്ത് -നിലവിൽ ഉപയോഗിക്കുന്ന KL 03 N 4034 മഹീന്ദ്രാ ജീപ്പ് പഞ്ചായത്തിലെ മാലിന്യനിർമ്മാർജനത്തിനുവേണ്ടി ഉപയോഗിക്കുന്നതിന് ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് ആവശ്യത്തിന് ഒരു പുതിയ വാഹനം വാങ്ങുന്നതിനും -അനുമതി-ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്

സ.ഉ.(സാധാ) നം.2528/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/11/2019

---

പരാമർശം:- 1 06/09/2012 ലെ സ.ഉ(സാധാ)നം.2528/2012/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

2 ഉമ്പമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05/09/2018 ലെ റ്റി1-09/13 നമ്പർ കത്ത്

3 പഞ്ചായത്ത് ഡയറക്ടറുടെ 27/07/2019 ലെ PAN/25598/2018-G1(DP)നമ്പർ കത്ത്

ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ ഉമ്പമൺ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ളതും പഞ്ചായത്തിന്റെ വിവധ ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നതുമായ 13 വർഷം പഴക്കമുള്ള മഹീന്ദ്രാ ജീപ്പ് കുടുംബശ്രീ ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കടലാസ്, പ്ലാസ്റ്റിക് മാലിന്യം, പൊട്ടുന്ന ഗ്ലാസുകൾ, മരുന്ന് സ്ട്രിപ്പുകൾ, ടൂത്ത് പേസ്റ്റ് ട്യൂബുകൾ, നിത്യോപയോഗസാധനങ്ങളുടെ കവറുകൾ, ട്യൂബുകൾ, ഇ-വേസ്റ്റ് എന്നിവ ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ സെന്ററിൽ എത്തിക്കുന്ന പ്രവർത്തനത്തിന് ഹരിതകർമ്മ സേനയ്ക്ക് ട്രയിലർ ഘടിപ്പിച്ച് ഉപയോഗിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഓഫീസ് ആവശ്യത്തിന് ഒരു 9 സീറ്റർ പുതിയ വാഹനം വാങ്ങുന്നതിനും അനുമതി നല്കണമെന്ന് പരാമർശം 2 പ്രകാരം ഉമ്പമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നു. ഉമ്പമൺ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള KL 03 N 4034 മഹീന്ദ്രാ ജീപ്പ് ട്രയിലർ ഘടിപ്പിച്ച് ഉപയോഗിക്കുന്നതിനും ആയതിന്റെ ഇന്ധനവും അറ്റകുറ്റപ്പണികളും ഉൾപ്പെടെയുള്ള മുഴുവൻ ചെലവുകളും ഹരിതകർമ്മസേനയുടെ ഫണ്ടിൽ നിന്നും ചെലവഴിക്കണമെന്ന നിബന്ധനയോടെ ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനും ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നതിനുമുള്ള അനുമതി നൽകാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഹനത്തിന്റെ കണ്ടം ചെയ്യുന്നതിനുള്ള കാലാവധി കഴിഞ്ഞതിനാലും റിപ്പയർ ചെയ്ത് മാലിന്യ നിർമ്മാർജനത്തിന് ഉപയോഗിക്കുന്നത് അഭികാമ്യമായതിനാലും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും വാഹനത്തിന്റെ ഇന്ധനവും അറ്റകുറ്റപ്പണികളും ഉൾപ്പെടെയുള്ള മുഴുവൻ ചെലവുകളും ഹരിതകർമ്മസേനയുടെ ഫണ്ടിൽ നിന്നും ചെലവഴിക്കണമെന്ന നിബന്ധനയോടെ ഉമ്പമൺ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ളതും നിലവിൽ ഉപയോഗിക്കുന്നതുമായ KL 03 N 4034 മഹീന്ദ്രാ ജീപ്പ് പഞ്ചായത്തിലെ മാലിന്യനിർമ്മാർജനത്തിനുവേണ്ടി ഉപയോഗിക്കുന്നതിന് ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് ആവശ്യത്തിന് 10(പത്ത്) ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയ്ക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, ഇലന്തൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ